പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 5072

28.10.2016-ൽ മറുപടിയ്ക്ക്

## സമിതിയോഗ നടപടികൾ ഡിജിറ്റൽ സംവിധാനത്തിൽ മാറ്റുന്നതിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഇ. എസ്. ബിജിമോൾ<br>ശ്രീ. ജി. എസ്. ജയലാൽ<br>ശ്രീ. വി. ആർ. സുനിൽ കുമാർ<br>ശ്രീ. കെ. രാജൻ | ശ്രീ. കെ. ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സമിതിയോഗ നടപടികൾ ഡിജിറ്റൽ സംവിധാനത്തിലേക്ക് മാറ്റുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഡിജിറ്റലൈസ്ഡ് മീറ്റിംഗ് മാനേജ്മെന്റ് സംവിധാനത്തിന്റെ ഗുണവിശേഷങ്ങളും സവിശേഷതകളും വ്യക്തമാക്കുമോ ; | ബി) ഡിജിറ്റലൈസ്ഡ് മീറ്റിംഗ് മാനേജ്മെന്റ് സംവിധാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ യോഗത്തിനുള്ള അജണ്ടയും നോട്ടീസും തയ്യാറാക്കൽ, കുറിപ്പ് രേഖപ്പെടുത്തൽ, തുടങ്ങി ഭരണ സമിതി യോഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഡിജിറ്റൽ സംവിധാനത്തിലേക്ക് മാറുന്നു. യോഗം സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ് ആയും ഇ-മെയിൽ ആയും അറിയിക്കുന്നതിനും, യോഗത്തിൽ പങ്കെടുത്തവരുടെ ഹാജരും, മിനിറ്റ്സും തയ്യാറാക്കി മിനിറ്റ്സിന്റെ പകർപ്പ് ബന്ധപ്പെട്ട എല്ലാവർക്കും ഓൺലൈൻ ആയി നൽകുന്നതിനും ഇതിൽ സംവിധാനമുണ്ട്. കൂടാതെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള തുടർ നടപടികൾ രേഖപ്പെടുത്തുന്നതിനും പഴയ തീരുമാനങ്ങൾ പരിശോധിക്കുന്നതിനും ഈ സംവിധാനത്തിലൂടെ സാധിക്കുന്നു. |

(സി) ഏത് ജില്ലയിലാണ് ഈ സംവിധാനം നടപ്പാക്കിയതെന്നും ഏത് സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് പദ്ധതി നടപ്പാക്കിയതെന്നും വ്യക്തമാക്കാമോ?

(സി) കാസർഗോഡ് ജില്ലയിൽ ഈ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയ 'സകർമ്മ' എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

സെക്ഷൻ ഓഫീസർ